## About the Author



Rev. Dr. M A Varughese

Rev. Dr. M A Varughese is the Senior Pastor and President of Bethel AG Church, Bangalore, India. Bethel is among the ten largest Pentecostal Churches in the nation, & among the most influential Churches in Asia. Worship services are conducted at different places and in several languages. Rev. Varughese with his contagious zest for Christ has been ministering to the Church in Bangalore for almost three decades. He is an in-depth Bible Teacher, a Powerful Revival Speaker and Evangelist, travelling worldwide with manifestations of the gifts of the Spirit. He demonstrates an excellent servant leadership as he pastors a large Church.

Combined Service 2010



Write to us:
**Bethel AG Church**
Box 3205, Bangalore 560032
Contact: 80 23336131, 80 688 88 880

*For private circulation among people of similar faith and belief (draft copy)*

www.BethelAGIndia.org
www.MAV.in

Bethel

pastor@bethelagindia.org
www.facebook.com/BethelAGLive

# ക്ഷമയും വേർപാടും ശുദ്ധീകരണവും

## തിരുവചനവെളിച്ചത്തിൽ

**Rev. Dr. M A Varughese**

..that thou mayest know how thou oughtest to behave thyself in the house of God, which is the church of the living God, the pillar and ground of the truth

*1Timothy 3:15*

BETHEL BANGALORE
www.BethelAGIndia.org




Malayalam Worship
Sunday @ 8:00 am & 10:30 am

Worship Services in
Kannada
English
Tamil
French
Telugu
Hindi

Join our services live at
www.BethelAGIndia.org/live



**Bethel AG Church**
Ring Road, Hebbal, Bangalore-24
+91 80 68888880
+91 80 23332385

Rev. Abraham Varghese
Pastor

Rev. Dr. MA Varughese
Senior Pastor


# ക്ഷമയും വേർപാടും ശുദ്ധീകരണവും തിരുവചനവെളിച്ചത്തിൽ

**Rev. Dr. M A Varughese**

# ക്ഷമയും, വേർപാടും, ശുദ്ധീകരണവും തിരുവചനവെളിച്ചത്തിൽ

ഒരിക്കൽ യേശു തന്റെ ശിഷ്യന്മാരെ എങ്ങനെ പ്രാർത്ഥിക്കണം എന്ന് പഠിപ്പിച്ചു. ആ പ്രാർത്ഥനയിൽ നിന്നൊരു ഭാഗം താഴെ ഉദ്ധരിക്കുന്നു: “ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളോടും ക്ഷമിക്കണമേ” (Matt 6:12).

ഇതനേകർ മനസ്സിലാക്കിയിരിക്കുന്നതുപോലെ നാം ഏറ്റുചൊല്ലുവനുള്ളതല്ല, മറിച്ച് ഇതൊരു മാതൃകാ പ്രാർത്ഥനയാണ്. ലക്ഷണമൊത്ത ഒരു പ്രാർത്ഥനയുടെ ഘടന ആദ്യാവസാനം എങ്ങനെയായിരിക്കണം; പ്രാർത്ഥിക്കുന്ന വ്യക്തിയുടെ നിലപാടും മനോഭാവവും എപ്രകാരമായിരിക്കണം ഇങ്ങനെ ദൈവത്തിനു പ്രസാദകരമായ പ്രാർത്ഥനയുടെ ഒരു രേഖാചിത്രമാണിത്.

ഇവിടെ നാം ഒരു കാര്യം മറക്കരുത് ദൈവത്തിന്റെ സ്വഭാവത്തിനു രണ്ടു പ്രത്യേകതകൾ ഉണ്ട്.
ഒന്ന്: ദൈവം ധാരാളം ക്ഷമിക്കുന്നവനാണ്. കുറ്റമില്ലാത്ത ആയിരം ആയിരങ്ങൾക്ക് തലമുറ തലമുറയായി ദയ കാണിക്കുന്നവൻ എന്നും ആത്മാർത്ഥമായി തന്നോടടുക്കുന്നവരോട് ദയയും കരുണയും ക്ഷമയും കാണിക്കുന്നവനാണ് താനെന്നും പുറ: 34:67-ൽ കാണാം. അതിക്രമം ക്ഷമിക്കുകയും തന്റെ ജനത്തിൽ ശേഷിക്കുന്നവരോട് കരുണ കാണിക്കുകയും ചെയ്യുന്ന അങ്ങയോടു സദൃശ്യൻ ആരുള്ളൂ എന്നു മീഖാ:7:18–ൽ പറയുന്നു. ക്ഷമ ദൈവത്തിന്റെ സ്വഭാവമാണ്. കാളക്കുട്ടിയെ ഉണ്ടാക്കിയ യിസ്രായേൽ ജനത്തോട് ദൈവം കോപിച്ചു. എന്നാൽ മോശെ ആ ജനത്തിനുവേണ്ടി ദൈവ സന്നിധിയിൽ മദ്ധ്യസ്ഥ പ്രാർത്ഥനയിലൂടെ ഇടനില നിന്നപ്പോൾ ആ പ്രാർത്ഥനയെ ദൈവം മാനിച്ച് തന്റെ ശിക്ഷയെ വളരെ കുറച്ചതായി നമുക്ക് കാണാം. നാം മദ്ധ്യസ്ഥത അണച്ചാൽ ദൈവം അതു മാനിക്കും. കരുണപ്രകാരമുള്ള രക്ഷയെ തീത്തോസ് 3:5 ലും ദൈവത്തിന്റെ ദയയെ പറ്റി റോമർ 3:25 ലും ദൈവത്തിന്റെ പൊറുമയെ പറ്റി റോമ 2:4 ലും കാണുവാൻ കഴിയും. ദൈവം നമ്മോടു ക്ഷമിച്ചതുപോലെ നാമും ക്ഷമിക്കേണം എന്നു ദൈവം ആഗ്രഹിക്കുന്നു.

ദൈവീക സ്വഭാവത്തിന്റെ രണ്ടാം പ്രത്യേകത. താൻ തീക്ഷ്ണതയുള്ളവനാണ്. കുറ്റമുള്ളവനെ വെറുതെ വിടാതെ ശിക്ഷിക്കുന്നവൻ (പുറ: 34:7), തീക്ഷ്ണൻ എന്നാണ് തന്റെ നാമമം. കുറ്റമില്ലാത്ത ആയിരം ആയിരങ്ങൾക്ക് തലമുറതലമുറയായി





ദയകാണിക്കുന്നവൻ. (പുറ; 34:14), താൻ ദഹിപ്പിക്കുന്ന അഗ്നിയാണ് (എബ്രാ; 12:29), താൻ കോപിക്കുന്നവനാണ് (കൊലൊ; 3:5-7) പക്ഷെ നാം ദൈവത്തെ കോപിപ്പിക്കരുത് (റോമ; 11:21-22). വീഴുന്നവരിൽ ഭയങ്കരത്വവും (ഖണ്ഡിതവും) കൃപയിൽ നില്ക്കുന്നവരിൽ ദയയും ഉള്ളവനാണു ദൈവം. മാത്രമല്ല ഇന്നുള്ള ഭൂമിയെ തീയാൽ ന്യായം വിധിക്കുന്ന, ചുട്ടുകളയുന്ന സ്വഭാവം ദൈവം ത്യജിക്കുന്നില്ല അഥവാ ആ തീരുമാനത്തിനു മാറ്റമില്ല (2 പത്രോ; 3:10-11). കൃപയ്ക്കനുസരണമായി ജീവിക്കാതെ വന്നാൽ കരുണയില്ലാതെ ചുട്ടുകളയുന്നവനാണ് താൻ (എബ്രാ 6:4-8). ഇതു രണ്ടും ദൈവീക സ്വഭാവത്തിന്റെ രണ്ട് വശങ്ങളാണ്. അഥവാ ദൈവം തന്റെ പ്രമാണത്തിനു വ്യത്യാസം വരുത്തുന്നില്ല. പഴയ നിയമത്തിലും പുതിയ നിയമത്തിലും, മാത്രമല്ല, നിത്യമായ് താൻ തീക്ഷ്ണതയുള്ളവനാണ്. ദൈവം തീക്ഷ്ണതയുള്ളവൻ തന്നെ.

തീക്ഷ്ണതയുള്ള ദൈവം പറഞ്ഞറിയിപ്പാൻ കഴിയാത്ത അത്ര വലിയവനാകയാൽ തന്റെ കോപം വിവരിപ്പാൻ കഴിവില്ല. ദൈവത്തിന് കരുണാ പാത്രങ്ങളും കോപ പാത്രങ്ങളും ഉണ്ട് (റോമ; 9:22-23). ഇതു ദൈവത്തോടുള്ള നമ്മുടെ നിലപാടിനെ ആശ്രയിച്ചിരിക്കുന്ന കാര്യമാണ്.

## **ക്ഷമ**

നാം പ്രാർത്ഥിക്കുമ്പോൾ പാപത്തോട് വേർപെടുകയും മറ്റുള്ളവരോടു ക്ഷമിക്കയും ചെയ്യുന്ന ഒരു സ്വഭാവം നമുക്കുണ്ടായിരിക്കേണം. മർക്കോ 11:25 –ൽ പ്രാർത്ഥിക്കുമ്പോൾ ആരോടെങ്കിലും വല്ല പ്രയാസവും ഉണ്ടെങ്കിൽ ക്ഷമിച്ചശേഷം പ്രാർത്ഥിക്കുക അഥവാ പ്രതികാര ചിന്തകൾ വിട്ട ശേഷം പ്രാർത്ഥിക്കുക എന്നും കാണാം. പൂർണ്ണമായി ക്ഷമിക്കുവാൻ എല്ലാവർക്കും സാധിച്ചെന്നു വരികയില്ല. നമുക്കു സംഭവിച്ച കഷ്ടത്തിന്റെ, നഷ്ടത്തിന്റെ, ആഘാതത്തിന്റെ, മാനനഷ്ടത്തിന്റെ, മാനസീക മുറിവിന്റെ, ഒക്കെ അടിസ്ഥാനത്തിൽ പ്രായോഗികവും മാനസീകവുമായ വ്യത്യസ്ത അളവുകളുണ്ട്. പക്ഷേ മനപ്പൂർവ്വമായി ക്ഷമിക്കുവാനും പ്രതികാരം ചെയ്യാതിരിക്കാനും നാം തിരുമാനിക്കേണം, മറക്കാൻ ശ്രമിക്കേണം. മത്തായി 18:35, മർക്കോ 11:26 ലും ക്ഷമിക്കാത്തവന്റെ പ്രാർത്ഥന ദൈവം കേൾക്കുന്നില്ല എന്നു കാണാം.

നമ്മോടു തെറ്റുചെയ്തവരുടെ കുറ്റം മറന്നു അവരോടു ക്ഷമിക്കുവാൻ നാം കടം പെട്ടവരാണ്. കാരണം, അതു ദൈവീക സ്വഭാമാണ്. നാം മറ്റുള്ളവരോടു ഭാരം വച്ചു കൊണ്ടിരുന്നാൽ അതു നമ്മുടെ ക്രിസ്തീയ പോർക്കളത്തിലെ ഓട്ടത്തെ തന്നെ ബാധിക്കും (എബ്രാ 12:1).

എല്ലാവരോടും സമാധാനം ആചരിപ്പാനും അതേസമയം ശുദ്ധീകരണത്തിൽ തുടരുവാനും ദൈവം ആഗ്രഹിക്കുന്നു (എബ്രാ; 12:14). ക്ഷമ എന്നത് ആത്മലോകത്തിലെ ബാലപാഠമാണ്. ശുദ്ധീകരണം എന്നത് അതിനടുത്തു വളരുന്നവർക്കുള്ള ഉയർന്ന പടിയാണ്. പ്രാർത്ഥിക്കുവാൻ വരുമ്പോൾ നാം ക്ഷമിക്കുന്നവരായിരിക്കണം.

**ക്ഷമിക്കേണ്ടത് ആരോടെല്ലാം?**

**a.** സാധാരണക്കാരോട് ക്ഷമിക്കണം – മത്താ; 6:14,15

**b.** നമ്മുടെ കടക്കാരോട്, നമ്മോടു ദോഷം ചെയ്ത – (മത്താ; 6:12) മനുഷ്യരോട്– ഇതു പ്രധാനമായും പുറം ലോകത്തുള്ളവരെ – സഭയ്ക്കു വെളിയിലുള്ളവരെ കാണിക്കുന്നു.

**c.** ശത്രുവിനെ സ്നേഹിക്കുക – ലൂക്കോ; 6:35; പുറ; 23:4 ശത്രുവിനെ സഹായിക്കേണം– പക്ഷെ ശത്രു സഭയ്ക്കകത്തുള്ളവരല്ല. പുറത്തുള്ളവരാണ്.

**d.** സകലമനുഷ്യരോടും (കഴിയുമെങ്കിൽ) സമാധാനമായിരിക്കേണം – റോമ; 12:18–20

**e.** ക്ഷമിക്കുന്നത് ഹൃദയപൂർവ്വം ആയിരിക്കേണം - (മത്താ ; 18:22-35) ക്ഷമ വാക്കുകൊണ്ടല്ല, ഹൃദയം കൊണ്ടാണ്. ക്ഷമിച്ചിരിക്കുന്നു എന്നു പറഞ്ഞാൽ ഹൃദയത്തിൽ കൈപ്പുണ്ടാകരുത്.

**f.** നാം കരുണ കാണിച്ച ശേഷം പ്രാർത്ഥിക്കുക – (മത്താ; 5:23–24) കരുണകാണിക്കേണ്ടയിടത്തു കരുണ കാണിച്ചും ഇളവുകാണിക്കേണ്ടയിടത്ത് ഇളവുകാണിച്ചും, അപേക്ഷ കേട്ടു കരുണ കാണിച്ചും വേണം പ്രാർത്ഥിക്കേണ്ടത്.

**g.** സ്വയം ശോധന ചെയ്തു മാനസാന്തരപ്പെട്ട് ക്രമീകരണം പ്രാപിച്ച ശേഷം പ്രാർത്ഥിക്കുക. യാഗപീഠത്തിങ്കൽ ആരാധനയ്ക്കു വരുമ്പോൾ സ്വയം ശോധന ചെയ്തു ശുദ്ധീകരണം പ്രാപിച്ചു വരേണം എന്നും നമ്മുടെ പാപം നാം ഏറ്റു പറഞ്ഞു പ്രാർത്ഥിക്കേണം (മത്താ; 5:23; 1 യോഹ 1:9).

മനുഷ്യരോട് പിഴകളെ ക്ഷമിക്കണം (മത്താ; 6:14,15). കഴിയുമെങ്കിൽ സകല മനുഷ്യരോടും സമാധാനം ആചരിക്ക (റോമ; 12:18-20). മനസ്സിൽ അവരോട് പക വച്ചേക്കരുത്. നാം തന്നെ പ്രതികാരം ചെയ്യരുത്. എന്നാൽ ദൈവം അവരോടു പ്രതികാരം ചെയ്തേക്കാം. അതു ദൈവത്തിന്റെ നീതിയാണ്. നാം ക്ഷമിച്ചതുകൊണ്ട് പാപിയുടെ പാപം പോകുന്നില്ല. നാം നമ്മുടെ മനസ്സാക്ഷിയിൽ സ്വതന്ത്രരായി. യേശുവിനെ ക്രൂശിച്ച യഹൂദനു വേണ്ടിയും പടയാളിയ്ക്കു വേണ്ടിയും യേശു പ്രാർത്ഥിച്ചു. പക്ഷെ പിതാവ് യഹൂദ ജാതിയെ വളരെ അധികം ശിക്ഷിച്ചു. അവരുടെ തലമുറ





ഭൂമിയിലെല്ലാം ചിതറി. അവർ വളരെ വളരെ ശിക്ഷിക്കപ്പെട്ടു.

ക്ഷമിക്കുക, സമാധാനം ആചരിക്ക എന്നതിന്റെ അർത്ഥം സഹകരിക്കുക എന്നല്ല. പ്രതികാര ഇച്ഛ ഇല്ലാതിരിക്കുക എന്നതാണ്. ഉദാഹരണത്തിന് വീട്ടിൽ കയറി മോഷ്ടിച്ചവനോടു ക്ഷമിക്കുന്നു എന്നു പറഞ്ഞാൽ തുടർന്നും അവനെ വീട്ടിൽ കയറ്റി അടുത്ത മോഷണത്തിനു അവസരം കൊടുക്കുക എന്നല്ല. മോഷ്ടിക്കപ്പെട്ടതു തിരികെ ലഭിപ്പാൻ കഴിയുമെങ്കിൽ–വാങ്ങരുതെന്നും അർത്ഥമില്ല. സഹോദരിയെ അപമാനിപ്പാൻ ശ്രമിച്ചവനേ വീണ്ടും അകത്തു കയറ്റി വീണ്ടും ഒരവസരം കൊടുക്കയോ അവനോടൊത്തുപോകാൻ സഹോദരിയെ വിട്ടു കൊടുക്ക എന്നല്ല, തന്റെ പാപ സ്വഭാവത്തിൽ നിന്നും, ദുഷ്ട സ്വഭാവത്തിൽ നിന്നും താൻ മാനസാന്തരപ്പെട്ടു എന്നു തുടർന്നുള്ള അവന്റെ ജീവിതത്തിൽ നിന്നും തെളിവായാൽ അവനോടു സംസാരിക്കുന്നതിൽ തെറ്റില്ലായിരിക്കാം. പക്ഷെ തുടർന്ന് അപ്രകാരം ഒരു സംഭവത്തിനവസരം കൊടുക്കാതിരിക്കുവാൻ ഈ പാപം ചെയ്തവനെ ആവോളം അകറ്റി നിർത്തുകയാണു വേണ്ടത്. പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരായി അവനെ അകറ്റി നിർത്തി പ്രതികാര ചിന്ത ഒഴിവാക്കുക എന്നതല്ലേ സത്യം? നമുക്കവരോടു പ്രതികാര ചിന്തയില്ല, വൈരാഗ്യമില്ല, പക്ഷെ കൂട്ടായ്മയ്ക്കു നിവർത്തിയില്ല.

## സ്വയശോധനയും നിരപ്പും

മത്താ; 5:23 –ൽ "സഹോദരന് നിന്നോട് എന്തെങ്കിലുമുണ്ട് എന്ന് ഓർമ്മ വന്നാൽ" – എന്താണ് അതിന്റെ അർത്ഥം. നാം ആരാധിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും മുന്നമേ സ്വയശോധന നടത്തേണം. അപ്പോൾ സഹോദരനു നമുക്കു നേരെ എന്തെങ്കിലുമുണ്ടെന്നു തോന്നിയാൽ – മനസ്സിലായാൽ നിരന്ന ശേഷം പ്രാർത്ഥിക്കുക. ഉദാഹരണത്തിന്, ഞാനും എന്റെ സഹോദരനുമായി സഹകരിക്കാൻ കഴിയാതെ, സംസാരിക്കാൻ കഴിയാതെ ആയിട്ടു കുറച്ചു ദിവസമായി– അല്ല അങ്ങനെ ഒരു സാഹചര്യത്തിലാണ്. ഞാനെന്നെത്തന്നെ സ്വയം ശോധന ചെയ്യേണം. എന്താണെന്റെ സഹോദരന്, സഹോദരിയ്ക്ക് പ്രശ്നമായത്? ഞാൻ തെറ്റു ചെയ്തതിന്റെ പരിണിതഫലമായാണോ അത്? എങ്കിൽ ഞാനതിനു പ്രായശ്ചിത്തം ചെയ്യണം. അല്ല, ഞാനൊരു തെറ്റും ചെയ്തില്ല എങ്കിൽ ഞാൻ വളർന്നതിൽ അവനുണ്ടായ അസൂയ മാത്രമാണത്. ഞാൻ വീടു പണിതതിൽ, കാറുവാങ്ങിയതിൽ, ശുശ്രൂഷയിൽ ഉയർന്നതിൽ, നല്ല ജോലി ലഭിച്ചതിൽ, നല്ല വിവാഹം നടന്നതിൽ തനിക്കുണ്ടായ അസൂയ മാത്രമാണിത് എന്നു മനസ്സിലാക്കുവാൻ കഴിയും. (അസൂയയോ – അവന്റെ അസ്ഥികൾക്ക് ദ്രവത്വം സദൃ:14–30) ഇതിലൊന്നിലും ഞാനദ്ദേഹത്തെ കവർന്നിട്ടില്ല

എന്നുറപ്പുണ്ടെങ്കിൽ താങ്കൾ കുറ്റക്കാരനല്ല. മറ്റൊരാൾ പറഞ്ഞു തെറ്റിദ്ധരിപ്പിച്ച് എന്നോടു വിരോധം വന്നതാണെങ്കിൽ എന്റെ ശുദ്ധ മനസ്സാക്ഷിയിൽ ഞാൻ ചെന്നു കാര്യം പറഞ്ഞു തീർന്ന ശേഷം പ്രാർത്ഥിക്കേണം. അതല്ല– കരുതിക്കൂട്ടിയല്ല എങ്കിലും (കരുതിക്കൂട്ടി ചതിക്കേണം, നശിപ്പിക്കേണം, അപമാനിക്കേണം എന്നു കരുതി ചെയ്തതെങ്കിൽ എത്ര അധികം) ഞാൻ സഹോദരനോട് ദോഷം ചെയ്തിട്ടുണ്ട്, അവന് എനിക്കെതിരെ ന്യായമായ കാര്യമുണ്ട് എന്നു ബോദ്ധ്യമായാൽ– അവൻ എന്റേതു മോഷ്ടിച്ചതല്ല, എന്നെ അപമാനിച്ചതല്ല, ഞാനവന്റെ വക മോഷ്ടിച്ചതാണ്, ഞാനവനെ അപമാനിച്ചതാണെന്ന് ബോധ്യം വന്നാൽ അവന്റെ അടുക്കൽ ചെന്നു പ്രതിശാന്തി വരുത്തി (മാനസാന്തരപ്പെട്ട്) നിരന്ന ശേഷം പ്രാർത്ഥിക്കേണം. അവനെന്നോടു വിരോധപ്പെട്ടതിന്റെ കാരണക്കാരൻ ഞാനല്ല എന്ന ശുദ്ധമനസ്സാക്ഷിയോടെ പ്രാർത്ഥിക്കേണം. നിന്റെ സഹോദരന് നിന്റെ നേരെ എന്ന വാക്ക് ഇനി നന്നായി മനസ്സിലാകാൻ പൗലോസിന്റെ രണ്ടു പ്രസ്താവനകൾ നോക്കാം. അവർക്കെന്റെ നേരെ അന്യായം ഉണ്ടെങ്കിൽ (അപ്പൊ;പ്രവൃ; 24:19)– ഇവിടെ എന്റെ നേരെ, എനിക്കെതിരെ ന്യായമായ അന്യായം ഉണ്ടെങ്കിൽ എന്നു അർത്ഥം. അതുപോലെ അപ്പൊ;പ്രവൃ; 28:19–ൽ എനിക്കെന്റെ ജാതിക്കെതിരെ കാര്യമായ, ഗൗരവമായ യാതൊരു അന്യായവും പറയാനില്ല എന്നു കാണാം. ഇതോടൊപ്പം യോഹ; 14:30 –ൽ യേശു പറയുന്ന ഈ ലോകത്തിന്റെ പ്രഭു വരുന്നു അവന്റെ വകയൊന്നും എന്നിലില്ല. ഈ ആശയങ്ങൾ ചേർത്താണു നാം സ്വയം ശോധന ചെയ്യുന്നത്. എന്റെ സഹോദരന് എനിക്കെതിരെ ഗൗരവമുള്ളതൊന്നുമില്ല എന്ന് ഉറപ്പു വരുത്തുക. അഥവാ ഉണ്ടെങ്കിൽ നിരപ്പു പ്രാപിക്കുക. നിരപ്പു പ്രാപിക്കുക എന്നതിന്റെ അർത്ഥം സ്വന്തമായി മാനസാന്തരപ്പെട്ട്, ക്ഷമ ചോദിച്ച് നിരപ്പായി വരിക എന്നതാണ്. മാനസാന്തരം എന്ന വാക്കിന്റെ അർത്ഥം കൊടുത്തു തീർത്ത്, പ്രായശ്ചിത്തം ചെയ്ത് സത്യമായി അനുതപിക്ക എന്നൊക്കെയാണ്. ലൂക്കോ; 19:8–ൽ സക്കായി മാനസാന്തരപ്പെട്ടു ചതിച്ചതിനും, തെറ്റു ചെയ്തതിനും പലമടങ്ങു തിരികെ കൊടുക്കുക എന്നത് തന്നെ. മാനസാന്തരത്തിനു തക്കഫലം (ലൂക്കോ; 3:8) എന്നു അതിനെ വിളിക്കുന്നു. ഞാൻ കാരണമുണ്ടാക്കാതെ ന്യായമായ പ്രശ്നം വരുത്താതെ ഒരുത്തൻ എന്നോടു ക്രുദ്ധിച്ചാൽ ഞാനതിനുത്തരവാദിയല്ല. മലയാള ശൈലിയിൽ – അരിയും തിന്നു വീട്ടമ്മയേയും കടിച്ച ശേഷവും നായ് മുറുമുറുക്കും. ആ മുറുമുറുപ്പിൽ വീട്ടമ്മയുടെ മനസാക്ഷിയിൽ മുറിവു വരുത്താൻ ഒന്നുമില്ല. കേവലം നായയുടെ സ്വഭാവമാണത്.

എന്നാൽ എന്റെ സ്വയം ശോധനയിൽ ഞാൻ കുറ്റക്കാരനെങ്കിൽ ഞാൻ





നിരപ്പു പ്രാപിച്ചേ മതിയാകൂ. ക്ഷമ ചോദിക്കേണ്ടവരോടു ക്ഷമ ചോദിക്കേണം. മത്താ 5:48–ൽ സ്വർഗ്ഗീയ പിതാവിന്റെ സൽഗുണം നമുക്കുണ്ടാകേണം എന്നു കാണാം. 1 പത്രോ 1:15-16 കാണുക. ലോകക്കാരന്റെ കാര്യത്തിൽ (ഇതു സഹോദരന്റെ കാര്യമല്ല) നമ്മെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുവാനും, ശത്രുവിനു വിശക്കുന്നു എങ്കിൽ തിന്മാൻ കൊടുക്കുവാനും നമുക്ക് കഴിഞ്ഞേ മതിയാകൂ എന്നു കാണാം.

## <u>ശുദ്ധീകരണം</u>

ഇതുവരെ ക്ഷമയുടെ ബാലപാഠങ്ങൾ (ഒരുവശം) നാം ചിന്തിച്ചു. ഇതോടൊപ്പം ശുദ്ധീകരണവും ചിന്തിക്കേണം (റോമ; 6:18-20) ശുദ്ധീകരണം, (ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ ലേവ്യ; 19:2). വിശുദ്ധി എന്ന വാക്കിന്റെ അടിസ്ഥാന അർത്ഥം വേർപാടിനോടു ചേർന്നതാണ്. ദൈവം 7–ാം നാളിനെ ശുദ്ധീകരിച്ചു. 6 ദിവസങ്ങളെക്കാൾ അതു വ്യത്യസ്തമാണ്, വേർപെട്ടതാണ് (ഉല്പ; 2:3). നാം മനുഷ്യനോടു തെറ്റുകൾ ക്ഷമിച്ചു അതുകൊണ്ട് തീർന്നില്ല തുടർന്ന് വിശുദ്ധീകരണം പ്രാപിക്കുവാൻ കടം പെട്ടവരാണ്. അവിശ്വാസിയോട് ഇണയില്ലാ പിണകൂടരുത് (2 കൊരി; 6:14). നാം അവിശ്വാസിയെ ദ്വേഷിക്കുന്നില്ല, പകക്കുന്നില്ല പക്ഷെ ബന്ധത്തിനു ഒരു പരിധിയുണ്ട്. പഴയനിയമത്തിലേയ്ക്കു തിരിഞ്ഞാൽ ജാതികളോട് വേർപാട് (യോശു; 23:7, യെഹസ് 44:23) പുതിയ നിയമത്തിൽ ജാതീയ വിശ്വാസം, ആചാരം ഇവയോടു വേർപെടുക എന്നു കാണാം. ദുഷ്ടൻ, പാപി, പരിഹാസി ഇവരോടുള്ള വേർപാട് (സങ്കീ; 1:1). കള്ളനോട്, വ്യഭിചാരിയോട് കൂട്ടുകൂടരുത് (1 കൊരി; 9:11),( സങ്കീ; 50:18). ദുഷ്ടനെ നീതിമാനാക്കി കാണിക്കുവാൻ ശ്രമിക്കരുത് (സദൃ; 24:24). ന്യായപ്രമാണം (ദൈവപ്രമാണം) കാക്കുന്നവൻ ദുഷ്ടനോടെതിർക്കുന്നു (സദൃ; 28:4). ഇരുളും വെളിച്ചവും തമ്മിൽ വേർതിരിച്ചു (ഉല്പ; 1:4). ദൈവം വേർപാടാഗ്രഹിക്കുന്നു (2 കൊരി; 6:14-18).

ക്രിസ്തു പാപത്തെ വെറുക്കുകയും നിർമലമായ ഒരു ജീവിതം നയിക്കുകയും ചെയ്തതുപോലെ നമുക്കും ജീവിക്കാം. യേശുവിന്റെ കൂട്ടായ്മ നിർമലീകരിക്കപ്പെട്ടവരോടു കൂടെയത്രെ.

മോശെ ജനത്തിന്റെ മുമ്പിൽ ദൈവത്തെ ശുദ്ധീകരിക്കാതെ, (ആവ; 32-51) ബഹു ജനത്തിന്റെ മുമ്പിൽ താൻ പറഞ്ഞ നിസ്സാര വാക്കുകളാൽ തന്റെ പ്രതിഫലം കുറഞ്ഞു പോയെങ്കിൽ – ജനത്തിന്റെ മുമ്പിൽ പറയുന്ന ഏതു നിസ്സാരവാക്കുകൾക്കും ശിക്ഷയുണ്ട്. സഭയ്ക്കും ജനത്തിനും

മാതൃകയായിരിക്കേണ്ട നേതാക്കൾ പ്രത്യേക ശുദ്ധീകരണവും വേർപാടും സൂക്ഷിക്കേണ്ടതാണ്. ജനത്തിന്റെ പാപം അവരെ മനസിലാക്കിക്കൊടുക്കുന്നതിനു പകരം അതു മറച്ചു പിടിക്കരുത് (യിരെമ്യ; 8:11). എഫെ; 5:1-6 ലും ഇതേ ആശയം കാണാം. വ്യർത്ഥവാക്കുകളിൽ ആശ്രയിക്കരുത്.

**സഭയിലെ നടപ്പ്**

ഇനി സഭയ്ക്കകത്തേയ്ക്കു തിരിയാം. 1 തിമോ; 3:15 –ൽ പറയുന്ന പ്രകാരം **സഭയാം ദേവാലയത്തിൽ നടക്കേണ്ടത് എങ്ങനെയെന്ന് അറിഞ്ഞിരിക്കേണ്ടതാണ്.** ദുർന്നടപ്പു വിട്ടൊഴിയുക (1 കൊരി; 6:18). ദുർന്നടപ്പുകാരോടും ക്രമം കെട്ടു നടക്കുന്നവരോടും നമുക്കു വിരോധമില്ല. പകയില്ല, പക്ഷെ കൂടായ്മയില്ല. 2 കൊരി; 6:14–ൽ അവിശ്വാസിയുമായി കൂട്ടായ്മയില്ല. അവരോടു പകയില്ല. (ആവ; 7:2-4 കാണുക) പക്ഷെ ബന്ധമില്ല. സഭയിൽ ഭിന്നത വരുത്തുന്നവനെ ഒഴിവാക്കുക (തീത്തൊ; 3:10-11). നമുക്കവരോടു വൈരാഗ്യമില്ല, വിരോധമില്ല, പകയില്ല പക്ഷെ കൂട്ടായ്മയില്ല.

റോമ 16:17-18 –ൽ ദ്വന്ദപക്ഷം, ഇടർച്ച, ദുരുപദേശം, ഇവയുള്ളവരെ ഒഴിവാക്കുക എന്നു കാണാം. രക്ഷിക്കപ്പെട്ടു സഭയിൽ വരാത്തവരോടു ആത്മീയ സഹകരണമില്ല. പക്ഷെ നാം അവരോടു ക്ഷമിച്ചും അവർക്കായി പ്രാർത്ഥിച്ചും അവർക്ക് ക്രിസ്തുവിനെ പരിചയപ്പെടുത്തിയും അവരെ നേടുവാൻ ശ്രമിക്കേണം. എന്നാൽ സഭയ്ക്കകത്തുവന്നവർ, രക്ഷിക്കപ്പെട്ടവർ ലോകക്കാരെപ്പോലെ ആയാൽ സഭ മലിനമാകും. പിന്നെ അതു സഭയല്ല. ആകയാൽ അകത്തു വന്നവരോടുള്ള നിലപാടും നയവും വേറൊന്നാണ് (2 തെസ്സ 3:6).

ദൈവസഭ പാപത്തിൽ നിന്നും അശുദ്ധിയിൽ നിന്നും വേർപെട്ടവരാണ്, വിശ്വസിക്കുന്നവരുടെ കൂട്ടം ഒരുമിച്ച് ചേർന്ന് ഏകാത്മാവും ഐക്യതയും പൂണ്ട്, വിശുദ്ധരായി ജീവിക്കുവാൻ ദൈവവചനം നമ്മെ പഠിപ്പിക്കുന്നു. 1 തിമോ 3:14–15 –ൽ ദൈവത്തിന്റെ സഭയാം ദേവാലയത്തിൽ നാം നടക്കേണ്ടുന്നതെങ്ങനെയെന്ന് പറഞ്ഞിരിക്കുന്നു. (i) അവിശ്വാസിയുമായുള്ള സഹകരണം. അവിശ്വാസികളോട് ഇണയില്ലാപ്പിണകൂടരുത്, അവരുമായി ഇണക്കപ്പെടരുത്, അമിത ബന്ധം അരുത് (2 കൊരി 6:14). എന്നാൽ ഒരു ബന്ധവും അരുത് എന്നല്ല. അവരുമായി സൂക്ഷിച്ച് ഇടപെടുക, അവരുടെ അശുദ്ധിയിലും അന്യാരാധനയിലും കൂട്ടാളികളാകരുത് (1 കൊരി 5:9–10) .





<u>(ii) സഭയ്ക്കകത്തുവന്നവർ:</u> ദൈവീക മാന്യതയിൽ സഭാതത്വങ്ങൾ അനുസരിച്ച് ജീവിക്കേണ്ടതാണ്. എന്നാൽ സഭയ്ക്കകത്ത് സാത്താൻ ചിലരെ കരങ്ങളിലെടുത്തെന്നു വരാം. യൂദായെ എടുത്ത സാത്താൻ, ആഖാനെ എടുത്ത സാത്താൻ ഒരാളെയോ, ചില വ്യക്തികളെയോ എടുത്താൽ, ഇടർച്ചകൾക്കു കാരണമാക്കിയാൽ നാം എന്തു ചെയ്യേണം? പലപ്പോഴും പെയ്ത മഴ കുടിച്ചവർ തെറ്റിയാൽ (എബ്രാ 6:4-8) പിന്നീടവർക്കു മാനസാന്തരം എളുപ്പമല്ല.

**സഭയിൽ ഇടർച്ചകൾ**

ലൂക്കോ 17:1–2 –ൽ ഇടർച്ചകൾ വരാതിരിക്കുന്നത് അസാദ്ധ്യം. വരുത്തുന്നവനു അയ്യോ കഷ്ടം. അവൻ മരിക്കയാണ് അവനു നല്ലത് എന്നും, (ഇതു മരണത്തിനുള്ള പാപമാണ്). മത്താ 18:7–ൽ ഇടർച്ചവരേണ്ടത് ആവശ്യമാണ്, വരുത്തുന്നവനു അയ്യോ കഷ്ടം എന്നും, കൊള്ളകുന്നവൻ വെളിവാകേണ്ടതിന് 1 കൊരി; 11:19 –ൽ അത് ആവശ്യം തന്നെ എന്നും കാണാം. കൊള്ളാകുന്നവർ ഇടർച്ചയിൽ വശീകരിക്കപ്പെടുന്നില്ല. അവർ ദൈവത്തിനും ദൈവ സഭയ്ക്കുമായി നിൽക്കുന്നു. എന്നാൽ ചിലർ അതിൽ അകപ്പെടുന്നു. നാം സഭയ്ക്കോ സഹോദരവർഗ്ഗത്തിനോ ഇടർച്ച വരുത്തരുത് (റോമ; 14:13–23). പ്രത്യേകിച്ച് സഭയ്ക്ക് ഒരിക്കലും ഇടർച്ച വരുത്തരുത്.

ഇടർച്ചകൾ എന്നതിന് Offences എന്ന പദമാണ് ഇംഗ്ലീഷിലെ ആധികാരിക വേദപുസ്തകത്തിൽ (K J V) തരുന്നത്. ഇതിന്നു മൂല ഭാഷയിൽ രണ്ട് അർത്ഥമാണ്. 1 ദോഷം (പാപം) ചെയ്യുക.
2. മറ്റുള്ളവരെക്കൊണ്ട് ദോഷം ചെയ്യിക്കുക. സഹോദരന് ഇടർച്ച വരുത്തുക, സഹോദരനെക്കൊണ്ട് ദോഷം ചെയ്യിക്കുക, അതിനുള്ള വഴി വെച്ചു കൊടുക്കുക, ഇതാണ് ബാലാക്കിനു ഉപദേശിച്ചു കൊടുത്ത ബിലെയാം ചെയ്തത്. വെളി; 2:14 ദോഷം ചെയ്യിക്കുവാൻ വഴി വെച്ചു കൊടുത്തു. വചനം പറയുന്നത് യേശുവിന്റെ വായിലെ വാൾ കൊണ്ട് (സംഹാരം)– മാത്രമാണിതിനു കിട്ടുന്ന പ്രതിഫലം. (ന്യായവിധി) മരണകരമായ പാപമാണിത്. ഇതിനു പ്രാർത്ഥിക്കയല്ല ഉപദേശിച്ചു ക്രമീകരിക്കാൻ ശ്രമിക്കയാണ് വേണ്ടത്.

**ഏകഹൃദയം. ശുദ്ധീകരണത്തിന്റെ പടി**

ഇതോടു ചേർത്തു മത്തായി 6:22 നോക്കാം. “ശരീരത്തിന്റെ വിളക്ക് കണ്ണാകുന്നു. കണ്ണു ചൊവ്വുള്ളതെങ്കിൽ ശരീരം മുഴുവൻ പ്രകാശമുള്ളതായിരിക്കും“. അത് ഇംഗ്ലീഷിൽ (KJV) പറയുന്നത് if thine eye

be single എന്നത്രേ. ഇവിടെ കണ്ണ് എന്നതിനെ കാഴ്ചപ്പാട് (Vision) എന്ന ആശയത്തിലാണ് പ്രയോഗിച്ചിരിക്കുന്നത്. ഒരു മനുഷ്യന് ഒരു കാഴ്ച്ചപ്പാട് ഉണ്ടായിരിക്കണം. കാഴ്ചപ്പാട് മാറിപ്പോയാൽ, (സങ്കീ 119:113) ഇരുമനസ്സുള്ളവനായാൽ, താൻ അസ്ഥിരനാണ് (യാക്കോ; 1:6-8). യെശ; 26:3 –ൽ സഭയ്ക്ക് ഒരു കാഴ്ചപ്പാട് വേണം. (Single Vision) കാഴ്ചപ്പാട് ഒന്നായിരിക്കണം. ഒരേ കാഴ്ചപ്പാടിൽ നിന്നു മാറിയാൽ വെളിച്ചം ഇരുളായി മാറും. മത്താ 6:24–ാം വാക്യത്തിൽ രണ്ട് യജമാനന്മാർ അരുത് എന്നു കാണാം. നമ്മുടെ കാഴ്ചപ്പാടിനാധാരമായി ദൈവീക ആശയം, ദൈവ വചനത്തിനു നിരക്കുന്ന കാഴ്ചപ്പാട് നമുക്കു നൽകുന്ന ഒരു നേതാവ്, ദർശനം കൈമാറുന്ന ഒരു ദർശകൻ ഉണ്ടായിരിക്കണം. പഴയനിയമത്തിൽ മോശെ, യോശുവാ, ദാവീദ്, ദാനിയേൽ, നെഹമ്യാവ് ഇവരൊക്കെയും, പുതിയനിയമത്തിൽ പത്രോസ്, പൗലോസ്, യോഹന്നാൻ മുതലായവരും അന്നന്ന് സഭയ്ക്കുള്ള (Visionary) ദൈവീക ആശയം കൊണ്ടുവന്ന നേതാക്കളായിരുന്നു. അവരിൽ പലർക്കും എതിരെ കാഴ്ചപ്പാടിനു വ്യത്യാസമുള്ള എതിർ നേതാക്കളും വന്നിരുന്നു. കോരഹും ദാഥാനും മറ്റും അകത്തു നിന്നും ഫറവോനും സൈന്യവും പുറത്തു നിന്നും എതിർത്തു വന്ന ശത്രുക്കളാണ്. ചെങ്കടലും മാറായും വിപരീത സാഹചര്യങ്ങളായിരുന്നു. ഇതിൽ കോരഹും ദാഥാനും (സംഖ്യ 16:1) അകത്തുനിന്നുള്ള മത്സരികൾ (ശത്രുക്കൾ) എന്നും ജനത്തിന്റെ ഐക്യതയെ, കാഴ്ചപ്പാടിനെ ചിതറിച്ച വ്യക്തികളാണ് എന്നും കാണാം.

2 കൊരി 11:3 ക്രിസ്തുവിനോടുള്ള ഏകാഗ്രത വിട്ടവർ ആദ്യകാഴ്ചപ്പാടിൽ നിന്നും സഭയുടെ കാഴ്ചപ്പാടിൽ – ഏകാഗ്രതയിൽ നിന്നും മാറിയവർ തെറ്റിപ്പോയവർ ആണ്. സഭ തലയാം ക്രിസ്തുവിനെ അനുസരിക്കുന്നതുപോലെ സഭാ ജനങ്ങൾ ദൈവീക കാഴ്ചപ്പാടിൽ തങ്ങളെ നയിക്കുന്ന – നടത്തുന്നവരെ അനുസരിക്കേണ്ടതാണ്. നേതൃത്വത്തെ അനുസരിക്കാത്തവർ തലയെ അനുസരിക്കാത്ത ശരീര അവയവം പോലെയാണ്. അത് പ്രവർത്തനക്ഷമം അല്ല. നമുക്ക് ഒറ്റ യജമാനൻ ക്രിസ്തു എന്ന ഇടയന്റെ കീഴിൽ നിൽക്കുന്ന, ഇടയൻ, യജമാനൻ, ദർശകൻ ഉണ്ടായിരിക്കട്ടെ 2 തെസ്സ 3:6–7.

തുടർന്ന് പ്രവർത്തന ശൈലി നോക്കാം. വലതു കൈ ഇടർച്ച വരുത്തിയാൽ, (മത്താ; 5:30) വലതു കാൽ ഇടർച്ചവരുത്തിയാൽ, (മർക്കോ 9:45, മത്താ; 18:8). നമ്മുടെ പ്രവർത്തി (കൈകൾ) നമ്മുടെ യാത്ര, വഴി, മുന്നേറ്റം (കാൽ) എല്ലാം ഒരുപോലെ, ഒരേ ആശയത്തിലും ഒരേ ചിന്തയിലും, കാഴ്ചപ്പാടിലും മുന്നേറുന്നതാകേണം. എന്നാൽ ദൈവ സഭയ്ക്കെതിരെ പാതാള ഗോപുരങ്ങൾ ഉയർന്നു കൊണ്ടിരിക്കും. ഇടർച്ചകൾ, ദ്വന്ദപക്ഷം, ഭിന്നത അഥവാ





വ്യത്യസ്തമായ കാഴ്ചപ്പാടുകൾ, പ്രവർത്തന രീതികൾ എന്നിവ ശത്രുവരുത്തുന്ന അവസ്ഥകളാകാം. ഒന്നിച്ചു നിൽക്കുന്ന സഭയെ (ശിഷ്യന്മാരെ) പിരിച്ച്- തങ്ങളുടെ തന്ത്രങ്ങളിൽ വീഴുന്നവരെ- തങ്ങളുടെ പിന്നാലെ വലിച്ചു കളയുന്ന കൊടിയ ചെന്നായ്ക്കളാണ് (അപ്പൊ;പ്രവൃ; 20:29-31). റോമ; 16:17-18 വായിച്ചാൽ ദ്വന്ദപക്ഷങ്ങളും ഇടർച്ചകളും ഉണ്ടാക്കി ചക്കരവാക്കും മുഖസ്തുതിയും പ്രയോഗിച്ച് തങ്ങളുടെ വയറിനെ സേവിക്കുന്നവരാണിവർ എന്നു കാണാം. ഇവരെ സൂക്ഷിച്ച് ഒഴിഞ്ഞിരിക്കുക, ഒഴിവാക്കുക. (അവരുടെ ദൈവം വയർ ഫിലി 3:19, തീത്തൊ 10:12)

## <u>ദുരുപദേശം</u>

പത്ഥ്യോപദേശം ശ്രദ്ധിക്കാത്ത കാലം വരും (2 തിമോ 4:3). ഇന്ന് ദുരുപദേശം പഠിപ്പിക്കുന്ന അഭ്യസനക്കളരികളും അതിന്റെ പ്രവാചകന്മാരും പ്രവർത്തകരും മനുഷ്യമനസിനെ കവർന്നു കൊണ്ടിരിക്കുന്ന സാഹചര്യമാണ് (കൊലൊ 2:8, 2 കൊരി 11:1–15 വരെ നോക്കുക).

ദൈവ സഭയെ ദൈവത്തിങ്കൽ നിന്നും അകറ്റുന്നതാണ് ദുരുപദേശം. ദൈവീക കാര്യപരിപാടിയിൽ നിന്നും മാറ്റിക്കളയുന്ന, അകറ്റുന്ന ഒരു വസ്തുതയാണ് ദുരുപദേശം. ദൈവം തന്റെ ഉപദേശത്തെക്കുറിച്ച് വളരെ കർശനം പാലിക്കുന്നവനാണ്. നമ്മെ ദൈവത്തിൽ നിന്നും അകറ്റുന്ന ഒരു പ്രധാനമാർഗ്ഗമാണ് ദുരുപദേശം. 2 പത്രോ; 2:1 –ൽ പഴയനിയമത്തിൽ കള്ള പ്രവാചകന്മാർ എഴുന്നേറ്റതുപോലെ പുതിയ നിയമത്തിൽ ദുരുപദേഷ്ടാക്കന്മാർ എഴുന്നേൽക്കും എന്നും ആകയാൽ സത്യോപദേശത്തിൽ നിലനിൽക്കാൻ നാം ഓർത്തിരിക്കേണം.

**സത്യോപദേശം അഥവാ പത്ഥ്യോപദേശം എന്നാൽ എന്ത്?**
തിരുവചനം തരുന്ന ഉപദേശം. (തീത്തൊ 2:1–5). അപ്പൊസ്തൊലന്മാരും, ക്രിസ്തുവും ഏല്പിച്ചു തന്ന ഉപദേശം. അത് മാറ്റി മാറ്റി പറയുന്നതല്ല. ഒരിക്കലായി ഭരമേൽപ്പിച്ചതാണ്. യൂദ 3– ൽ വിശുദ്ധന്മാർക്കു ഒരിക്കലായി ഭരമേല്പിച്ച വിശ്വാസം വിട്ടു മാറുന്നവർ എന്നു പറയുന്നു. ദൈവീകമായ പത്ഥ്യോപദേശം കാലഗതിക്കൊത്തു മാറുന്നതോ, തിരുത്തിക്കുറിക്കപ്പെടുന്നതോ അല്ല. ഗലാത്ത്യ 1:11-12 നോക്കിയാൽ സഭയുടെ ഉപദേശം സ്വയമായി പറയുന്നതല്ല, ക്രിസ്തുകൊടുത്തതാണെന്നു കാണാം. ദുരുപദേശത്തിന്റെ ചില പ്രത്യേകതകൾ. ഗലാത്ത്യ 1:6-10 വരെ നോക്കിയാൽ പത്ഥ്യോപദേശത്തിനു വിപരീതമായി പറയുന്ന മനുഷ്യർപോലും ദൂതന്മാർപോലും ശപിക്കപ്പെട്ടവർ എന്നുകാണാം. ഗലാത്ത്യ 1:7–ാം വാക്യം ഒന്ന് ശോധനചെയ്യാം.

(i)ദുരുപദേശവും ഭിന്നതയും സഭയെ കലക്കുന്നവർ കൊണ്ടുവരുന്നതാണ്. ഗലാത്ത്യ 1:6–9. യൂദാ 4–ൽ നുഴഞ്ഞു വന്നവർ കൊണ്ടുവന്നതാണിതെന്നു കാണാം. 2 പത്രോ 2:1 ഉം ഇതു തന്നെ പറയുന്നു.

(ii) ക്രിസ്തുവിൻ സുവിശേഷം മറിച്ചിട്ടതാണ്. സുവിശേഷത്തിലെ ഘടകങ്ങൾ പലതും ഇതിൽ കാണാം പക്ഷെ ദുരുപദേശം ദൈവ വ്യവസ്ഥയല്ല. ദൈവ വ്യവസ്ഥയോട് വളരെ അടുത്തതും പക്ഷെ വഴി തെറ്റിക്കുന്നതു (misguiding) മാണ്

(iii) 2 പത്രോ 2:1-2വരെ നോക്കിയാൽ ഇതിന്റെ അന്തം ദുഷ്കാമപ്രവർത്തികൾക്ക് ദുഷിച്ച കാമപ്രവൃത്തികൾക്ക് കാരണമാകും എന്നു കാണാം. യൂദ 4 ലും ദൈവകൃപയെ ദുഷ്കാമപ്രവർത്തികൾക്കു ഹേതുവാക്കുന്ന പ്രവണതകൾ കാണുവാൻ കഴിയും. മാനുഷീക ബലഹീനതകളിൽ ശക്തമാണ് ജഡമോഹവും, യൗവനമോഹവും. അതിന് അവസരം അനുവദിക്കുന്ന സംവിധാനങ്ങൾ ഇതിന്റെ ഘടകമാണ്. 1 യോഹ; 2:16–ൽ ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇവ ഒക്കെ വേഗത്തിൽ സാത്താൻ ഉപയോഗിക്കുന്നു എന്നു കാണാം.

(iv) 2 പത്രോ 2:3 ഇതു ദ്രവ്യാഗ്രഹത്തിന്റെ ഒരു പ്രകടനമാണ്.
വിശ്വാസികളെ വാണിഭമാക്കി പണമുണ്ടാക്കുക. എന്നതിന്റെ ഒരു ദൃശ്യമാണിത്.

(v) നേതൃത്വത്തിനു വേണ്ടിയുള്ള ഒരു മാർഗ്ഗമായി ഇതിനെ സാത്താൻ ഉപയോഗിക്കുന്നു. (അപ്പൊ;പ്രവൃ 20:30) മോശെയിൽ നിന്നും നേതൃത്വം പിടിച്ചെടുക്കാൻ കോരഹ് വന്നതുപോലെ.

(vi) സാത്താന്യ ശക്തികളോടും വ്യാജ അടയാളങ്ങളോടും കൂടെ ദുരുപദേശം രംഗത്തു വരും. (2 തെസ്സ 2:2-12)

(vii) 2 യോഹ 10-11–ൽ ദുരുപദേശക്കാരെ വീട്ടിൽ കയറ്റുകയോ, കുശലം പറയുകയോ അരുത് എന്നു പറയുന്നു. അവരോട് അകന്നു നിൽക്കുക. ഈ വകക്കാരോട് നമുക്ക് വൈരാഗ്യമില്ല, പകയില്ല പക്ഷെ യാതൊരു കൂട്ടായ്മയും ഇല്ല.

**1.<u>ക്രമീകരണം</u>**
അഥവാ ഒരുവൻ ഇടർച്ചകൾ വരുത്തിയാൽ അവനെ എങ്ങനെ സമീപിക്കണം?
1. അവനെ ബുദ്ധി ഉപദേശിക്ക. മത്താ 18:15 ഒറ്റയ്ക്ക് ഉപദേശിച്ചു ക്രമീകരിക്ക. പക്ഷെ അവൻ വാക്ക് കേൾക്കാഞ്ഞാൽ, രണ്ട് സാക്ഷികൾ ചേർന്ന്





പറയേണം. അതും കേൾക്കാഞ്ഞാൽ– സഭയെ അറിയിക്ക – അവിടെ സഭ അവനെ പരസ്യമായി ശാസിക്കേണം (1 തിമൊ 5:20) ഇവിടെവരെക്കൊണ്ട് ക്രമീകരിച്ചാൽ നല്ലത് അല്ലാത്ത പക്ഷം അവനെ– അവരെ പുറത്താക്ക. (മത്താ 18:17) അതു സ്വർഗ്ഗത്തിലും അംഗീകരിക്കപ്പെടും. സഭ ഭൂമിയിൽ വ്യവസ്ഥാപിതമായി ചെയ്യുന്നത് സ്വർഗ്ഗം അംഗീകരിക്കും

സഭയിലാകുന്ന വിശുദ്ധന്മാർ ആരോടെല്ലാം അകന്നു ശുദ്ധീകരണം പ്രാപിക്കേണം.

1 തിമോത്തി: 3:14–15 സഭയാം ദേവാലയത്തിൽ നടക്കാനൊരു ക്രമം ഉണ്ട്. 1 തിമോ 3:1–6 നേതൃത്വത്തിനാവശ്യമായ ക്രമം കാണുക, ക്രമം കെട്ടവരെ വിട്ടൊഴിയുക. 2 തെസ്സ 3:3-6 അനുസരിക്കാത്തവന്റെ സംസർഗ്ഗം വിട്ട് ഒഴിവാക്കുക. പക്ഷെ അവൻ ശത്രുവല്ല. ഇനി സാധാരണ വിശുദ്ധന്മാർക്കുള്ള ക്രമം– യോഗ്യത നോക്കാം എഫെ 5:1-7 വരെ. നാം പ്രിയ മക്കളായിരിക്കെ അപ്രിയമക്കളുമായി കൂട്ടുകൂടരുത് എന്നുണ്ട്. അവർ വ്യാജവാക്കുകൾ പറഞ്ഞുകൊണ്ടിരിക്കും. (വ്യാജവാക്കുകൾ എന്നാൽ എന്താണ്? എല്ലാവരേയും സ്നേഹിക്ക! “സാരമില്ല“. “ചതിക്കപ്പെടരുത“) “അല്പം ബന്ധം ഉണ്ടെങ്കിലെന്ത്?“ “നാം എല്ലാവരേയും സ്നേഹിക്കേണ്ടതല്ലേ“. “ഞാനവനെ എന്തിനകറ്റണം?“ (1 കൊരി 5:6). അസാരം പുളിമാവ് പിണ്ഡത്തെ മുഴുവനും പുളിപ്പിക്കും. അല്പം ബന്ധം പിണ്ഡം മുഴുവനും നശിപ്പിക്കും.

2 തിമോ 3:1–5 അന്ത്യകാലത്തെ ഉഗ്രന്മാർ. ഇന്നത്തെ സഭയിൽ അനുസരിക്കാത്ത വഴങ്ങാത്ത ഉഗ്രന്മാർ വർദ്ധിച്ചു വരുന്നു. അവരെ വിട്ടൊഴിയുക. 1 കൊരി 5:11 സഹോദരനെന്നു പേർപെട്ട വരിലൊരുവൻ ഇത്തരക്കാരനായാൽ അവനെ വിട്ടൊഴിയുക. അവനുമായി ഭക്ഷണം പോലും കഴിക്കരുത്. 1 കൊരി 5:13 അവനെ നീക്കിക്കളക. സഭയെ അനുസരിക്കാതെ വന്നാൽ, മത്താ 18:15 അവൻ പുറജാതിക്കാരനെപ്പോലിരിക്കണം (മത്താ 15:18) എന്ന് യേശു പറയുന്നു. 2 യോഹന്നാ 10,11–ൽ അങ്ങനെയുള്ളവരെ വീട്ടിൽ കയറ്റരുത്, കുശലം പറയരുത്, അത്തരക്കാരുമായി ഒട്ടും ബന്ധം അരുത് എന്നു കാണാം. ബന്ധം പുലർത്തിയാൽ അവസാനം നാം തന്നേ നശിക്കാനിടയാകും. 1 കൊരി 5:6 അസാരം (അല്പംപ്പോലും) പുളിച്ച മാവ് വേണ്ട. നാം ഒരു പ്രത്യേക ജനമാണ് പ്രത്യേകജാതിയും ദൈവീക സമ്പത്തുമാണ്. അതു മറ്റൊരുത്തന്റെ സമ്പത്തുമായി ഇടകലർത്തരുത്.

ഇത്തരം തെറ്റിൽ അകപ്പെട്ടവർ ദുരുപദേഷ്ടാക്കൾ, ദ്വന്ദപക്ഷക്കാർ, ഭിന്നത ഉണ്ടാക്കുന്നവർ, ദുരാദായത്തിനും, സ്ഥാനത്തിനും മറ്റുമായി ദൈവ പ്രമാണം

മാറ്റാൻ ശ്രമിക്കുന്നവർ. ഇവരെ അകറ്റി നിർത്തി, അവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കേണം. മാനസാന്തരപ്പെട്ടു എന്നു ബോദ്ധ്യമായാൽ അവരോട് ഏഴ് എഴുപതു വട്ടം ക്ഷമിച്ച് തിരികെ സ്വീകരിക്കയും, മാനസാന്തരപ്പെടുന്നതുവരെ അവരിൽ പ്രസാദിക്കാതെ (റോമ 1:32) അവരുടെ പ്രവർത്തിയെ വെറുത്ത് സങ്കീ 15:4 പറയുന്നതുപോലെ യഹോവ ഭക്തനെ മാനിച്ച് വഷളനെ നിന്ദ്യനായി കണ്ട് കൃപസൂക്ഷിക്കുകയും ചെയ്ക. (യഹോവ ഭക്തനെ തനിക്കു വേറുതിരിച്ചിരിക്കുന്നു എന്നറിവിൻ സങ്കീ: 4:3)

മാനസാന്തരം വന്നാൽ ദൈവത്തോടും ബന്ധപ്പെട്ടവരോടും സഭയോടും കുറ്റം ഏറ്റുപറഞ്ഞ് ക്ഷമ ചോദിച്ചിരിക്കണം. ഏറ്റുപറഞ്ഞ് ക്ഷമ ചോദിക്കാത്തവരോട് ദൈവവും ക്ഷമിക്കുന്നതല്ല. ഇതു
പുതിയ നിയമത്തിൽ ദൈവസ്വഭാവത്തിന്റെ ഭാഗമായി നാം കാണുന്നു.

റോമ 1:32 മരണയോഗ്യരിൽ പ്രസാദം . സങ്കീ 1:1–ൽ ദുഷ്ടൻ പാപി, പരിഹാസി, ഇവരോടും സങ്കീ 50:18–ൽ കള്ളനോടുള്ള കൂട്ട്, വ്യഭിചാരിയോടുള്ള കൂട്ട് ഇവ പാടില്ല എന്നും കാണാം. സദൃ 28:4 ന്യായപ്രമാണം അനുസരിക്കുക. സദൃ 24:24 ദുഷ്ടനെ നീതികരിക്കരുത് (സങ്കീ 15:4) വഷളനെ നിന്ദ്യനായി എണ്ണുക. പഴയ സ്നേഹിതനായാലും വഷളത്വം കാണിച്ചാൽ നിന്ദ്യനായി കാണുക. രണ്ടു വശത്തും ഒന്നിച്ചു നില്പാൻ കഴിയുന്നതല്ല. (മർക്കോ 14:11) യൂദാ യേശുവിനോടും, അതേ സമയം മഹാപുരോഹിതന്മാരോടും സംസർഗ്ഗം പുലർത്തി, രണ്ട് യജമാനന്മാരെ സേവിച്ചു. അവസാനം മഹാപാപിയും ശാപഗ്രസ്തനുമായി തൂങ്ങി മരിച്ചു. എഫെ്യ 5:3–7 “ദുർന്നടപ്പും യാതൊരു അശുദ്ധിയും അത്യാഗ്രഹവും നിങ്ങളുടെ ഇടയിൽ പേർ പറകപോലും അരുത്; അങ്ങനെ ആകുന്നു വിശുദ്ധന്മാർക്കു ഉചിതം. ചീത്തത്തരം, പൊട്ടച്ചൊൽ, കളിവാക്കു ഇങ്ങനെ ചേർച്ചയല്ലാത്തവ ഒന്നും അരുതു; സ്തോത്രമത്രേ വേണ്ടതു. ദുർന്നടപ്പുകാരൻ, അശുദ്ധൻ, വിഗ്രഹാരാധിയായ ദ്രവ്യാഗ്രഹി ഇവർക്കു ആർക്കും ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ അവകാശമില്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ. വ്യർത്ഥവാക്കുകളാൽ ആരും നിങ്ങളെ ചതിക്കരുതു; ഈ വക നിമിത്തമല്ലോ ദൈവകോപം അനുസരണം കെട്ടവരുടെമേൽ വരുന്നു. നിങ്ങൾ അവരുടെ കൂട്ടാളികൾ ആകരുതു.” വെളി 18:4 അവളുടെ പാപത്തിനു കൂട്ടാളികൾ ആകരുത്. 1 കൊരി 10:21 അവരുടെ കൂട്ടാളികൾ ആകരുത്. ഇവ ചേർന്നു ചിന്തിച്ചാൽ അന്യന്റെ പാപത്തിനു കൂട്ടാളി ആകരുത്.



കൂട്ടായ്മയും വേർപാടും..

## <u>ദൈവീക മാതൃക</u>

അനുതാപത്തോടെ ക്ഷമചോദിച്ചു മാനസാന്തരപ്പെടുന്നവരോടു ക്ഷമിക്കുന്നതാണ് ദൈവീക മാതൃക. ഇനി യേശുവിന്റെയും ശിഷ്യന്മാരുടേയും മാതൃക നോക്കാം.

(i) യേശു തന്നെ ക്രൂരമായി നിന്ദിച്ച്, ആണിയടിച്ച് ക്രൂശിച്ചവർക്കായി പ്രാർത്ഥിച്ചു. (ലൂക്കോ 23:34) പക്ഷേ ചുംബനത്താൽ കാണിച്ചു കൊടുത്ത യൂദായെ ശപിച്ചു. (മത്താ 26:24). യോഹ 17:12–ൽ യേശു അവനെ നാശയോഗ്യനായി പ്രഖ്യാപിച്ചു തുടർന്ന് ശിഷ്യന്മാർ യൂദയെ ശാപഗ്രസ്ഥനായി എണ്ണി. അപ്പൊ;പ്രവൃ 1:17,20,24 പിന്നെ അവനെ സഭ അംഗീകരിച്ചിട്ടില്ല, നീതീകരിച്ചിട്ടില്ല.

(ii) യോഹ 19:11 യേശുവിനെ ശിക്ഷയ്ക്കു വിധിച്ച പീലാത്തോസിനെക്കാൾ ക്രൂശിപ്പാൻ ആവശ്യപ്പെട്ട മഹാ പുരോഹിതന്മാർക്ക് യേശു അധികം പാപം നിർത്തി.

ഇതൊക്കെ എന്തു കൊണ്ട്? യൂദാ യേശുവിനെ അറിഞ്ഞവനും യേശുവിനോടു ചേർന്നു നിന്ന് യേശുവിന്റെ നന്മ അനുഭവിച്ചവനുമാണ്. അവനിൽ നിന്നും അധികം നന്മ പ്രതീക്ഷിച്ചു. ക്രൂശിച്ചവർ അറിയാതെ ചെയ്തതാണ്. പീലാത്തോസ് യേശുവിനെ അറിഞ്ഞവനല്ല. അറിയുവാൻ കടംപെട്ടവനുമല്ല. അവൻ നിയമം പാലിക്കുവാൻ കടംപെട്ടവനാണ്. അതു പാലിക്കാഞ്ഞതിൽ അല്പം പാപം, യേശുവിനെ അറിയാൻ കടംപെട്ട മഹാപുരോഹിതന് അധിക പാപം.

(iii) ഉല്പ 3:23 ദൈവത്തോടു കൂടെ നടന്ന ശേഷം കല്പന ലംഘിച്ച ആദാമിന് ഏദെനിൽ തുടരുവാൻ ഒരു (chance) അവസരം പോലും കൊടുക്കാതെ അന്നേക്കന്നു തന്നെ ശപിച്ചു പുറത്താക്കി.

(iv) യൂദ :6 വീണുപോയ ദൂതന്മാർക്കു മാനസാന്തരത്തിനു അവസരമില്ല. അറിഞ്ഞ ശേഷം പാപം ചെയ്തവരാണവർ

(v) അപ്പൊ.പ്രവൃ 5:1-11 ദൈവ കൃപ കണ്ടശേഷം പരിശുദ്ധാത്മാവിനോടു പാപം ചെയ്ത അനന്യാസിനും സഫീറക്കും മാനസാന്തരത്തിനു അവസരം ഇല്ല. ഒറ്റ പാപത്തിനവർ മരിച്ചു.

(vi ) ലൂക്കോ 1:18 –ൽ വൃദ്ധനായ സെഖര്യാവിന് ഒരു മകൻ ജനിക്കുമെന്നു പറഞ്ഞ ദൂതനെ താൻ അവിശ്വസിച്ചു. അവിശ്വസിച്ച സെഖര്യാവിന് ഒരു ശിക്ഷ ലഭിച്ചു. പക്വെ വൃദ്ധനായ അബ്രഹാമിനും (ഉല്പ 15:8) അവിശ്വസിച്ച കന്യക മറിയക്കും (ലൂക്കോ 1:34) ശിക്ഷയില്ല. നീണ്ട വർഷങ്ങൾ ദൈവത്തെ സേവിച്ച സെഖര്യാവിൽ നിന്നും വലിയതു ദൈവം പ്രതീക്ഷിച്ചു മറിയയിൽ നിന്നതു പ്രതീക്ഷിച്ചില്ല.

(vii) ദൈവത്തോടടുത്തു വന്ന് ദൈവത്തെ അറിഞ്ഞ നാം ഇടർച്ചകൾ വരുത്താതെ നമ്മെത്തന്നെ സൂക്ഷിച്ച് ശിക്ഷയിൽ നിന്നും മാറി നിൽക്കാം. അനന്യാസിനെയും സഫീറയെയുംപോലെ ക്രിസ്തുവിലായ ശേഷം നാശത്തിലേക്കു പിന്മാറാതെ (യൂദ 24-25) വീഴാതെ സൂക്ഷിക്കുന്ന ദൈവത്തിന്റെ കയ്യിൽ സ്വയം ഏല്പിക്കാം.

ലോകക്കാരോടും, ശത്രുവിനോടും, സഹവിശ്വാസികളോടും മനഃപൂർവ്വമായി ക്ഷമിച്ചും അതേസമയം സഭയിൽ വേർപാടും, വിശുദ്ധിയും പാലിച്ച് ഇടർച്ചകൾ വരുത്താതെയും നമ്മെത്തന്നേ ദൈവ കൃപയിൽ സമർപ്പിച്ചും പ്രാർത്ഥനയിലും കൂട്ടായ്മയിലും മുന്നേറുവാനും ദൈവം നമുക്കു കൃപ നൽകട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

BETHEL
BENGALURU

Worship Centre
Hebbal Ring Road,
Bangalore-24
Phone: +91 80 6888 8880

Registered Office
2nd Main, Ganganagar extn.,
Bangalore-32
Phone: +91 80 2333 2385

www.BethelAGIndia.org | pastor@BethelAGIndia.org | facebook.com/BethelAGLive

Worship Services every Sunday at 8:00 am & 10:30 am
Join live Webcast at www.BethelAGIndia.org/live

WE ARE ON

/BethelAGLive
HARVEST tv
Sunday @ 8 am
Mixlr/BethelAGLive
livestream
new.livestream.com/bagc
YouTube





# ഉപസംഹാരം

ലോകത്തിൽ നിന്നും, ലോകമലിനതകളിൽ നിന്നും, വ്യർത്ഥവും പിതൃപാരമ്പര്യ പരമായ നടപ്പിൽ നിന്നും, വിടുവിക്കപ്പെട്ടവരാണു നാം. യേശുവിൻ രക്തത്തിൽ കഴുകൽ പ്രാപിച്ച് വചനത്താൽ ശുദ്ധീകരിക്കപ്പെട്ട്, ആത്മാവിനാൽ മുദ്രയിടപ്പെട്ട് ക്രിസ്തുവിൻ മണവാട്ടിയായി ജീവിക്കുന്നവരാണു നാം. യേശുവിൻ വരവിനായി നോക്കി പാർത്തുകൊണ്ട് കറ, ചുളുക്കം, വാട്ടം, മാലിന്യം ഇവയൊന്നുമില്ലാതെ തന്നെത്താൻ നിർമ്മലീകരിച്ചു കൊണ്ടും, നാം നമ്മുടെ ഓട്ടം സ്ഥിരതയോടെ ഓടേണ്ടവരാണ്.

നാം രക്ഷിക്കപ്പെടുന്നതിനു മുൻപ് നമ്മോടൊത്തു നടന്നവരും പ്രവർത്തിച്ചവരും നമ്മിൽ വന്ന പരിവർത്തനത്തിൽ സന്തോഷിക്കുന്നവരാകണമെന്നില്ല. അവർ നമ്മെ മനസ്സു കൊണ്ടോ ചിലപ്പോൾ പ്രത്യക്ഷമായോ എതിർത്തെന്നും, ശത്രുത്വത്തോടെ ഇടപെട്ടെന്നോ വന്നേക്കാം. നാം അവരോടു ക്ഷമിച്ചും അവരെ രക്ഷിക്കുവാൻ ദൈവത്തോടു പ്രാർത്ഥിച്ചും കൊണ്ടു അവരെ സ്നേഹിക്കേണം. നമ്മുടെ മാതൃകാപരമായ ജീവിതവും സ്നേഹ സഹായങ്ങളും അവരെ ക്രിസ്തുവിലേയ്ക്കു നയിക്കേണം. നമുക്കവരോടു യാതൊരു വിരോധവും തോന്നേണ്ടതില്ല. അവരുടെ മാനസാന്തരവും രക്ഷയും നമ്മുടെ ആഗ്രഹമായിരിക്കേണം. കഴിയുമെങ്കിൽ സകല മനുഷ്യരോടും സമാധാനം പാലിക്കുവാൻ ഉത്സാഹിക്കുക.

ഇനി സഭയ്ക്കകത്തെക്കാര്യം. സഭയ്ക്കകത്തു വന്നാലും രക്ഷിക്കപ്പെട്ടു, സ്നാനമേറ്റു, ആത്മശക്തി പ്രാപിച്ചു, ശുശ്രൂഷയും പ്രാപിച്ചാലും സാത്താന്റെ പ്രലോഭനങ്ങൾ തീരുകയില്ല. അവന്റെ പരീക്ഷകളിൽ കുടുങ്ങാതെ നാം സൂക്ഷിക്കുക. ശത്രുവിന്റെ കണികളിൽ അകപ്പെടാതെ നമ്മെ തന്നെ സൂക്ഷിക്കുക. വീഴാതവണ്ണം നമ്മെ സൂക്ഷിക്കുന്ന ദൈവത്തിൽ ശരണപ്പെടുക. എന്നാൽ സഭയ്ക്കകത്തു നിന്നും ചിലരെ സാത്താൻ വശീകരിച്ചു വീഴിച്ചെന്നു വരും. അവരെ സ്നേഹത്തിന്റെ ആത്മാവിൽ എരിയുന്ന കൊള്ളികളെന്ന പോലെ തീയിൽ നിന്നും വലിച്ചെടുത്തു രക്ഷിക്കാൻ, അവരോടു ബുദ്ധിയുപദേശിക്ക.

നാം നമ്മെത്തന്നേ ശോധന കഴിക്കുന്നവരാകേണം. നാം തെറ്റിപ്പോയി എന്നു മനസ്സിലായാൽ അനുതാപ വാക്യങ്ങളോടെ മാനസാന്തരത്തിനു

തക്കഫലം കായിച്ച് മടങ്ങി വന്ന് ദൈവത്തോടും മനുഷ്യനോടും നിരപ്പു പ്രാപിച്ചും, ക്ഷമ ചോദിച്ചും കൃപയിൽ നടക്കുക. നേതൃസ്ഥാനങ്ങളിൽ നില്ക്കുന്നവർ ഇത് അധികമായി സൂക്ഷിച്ച് മാതൃകാപരമായി ജീവിച്ചേ മതിയാകൂ. ഇതിനിടെ സാത്താൻ ആരെയെങ്കിലും വല്ല വിധേനയും വശീകരിക്കയോ വീഴിക്കയോ ചെയ്തിട്ട് ആ വ്യക്തിയെ വീണ്ടെടുക്കാൻ കഴിയാതെ താൻ സ്വന്ത ഹൃദയം കഠിനമാക്കിയാൽ അങ്ങനെയുള്ളവരെ മാനസാന്തരപ്പെടുന്നതുവരെ അകറ്റി സൂക്ഷിക്കുക. ഒരു സഭ നശിപ്പാൻ ചുരുക്കം പേർ മതി. ഒരു ചത്ത ഈച്ച ഒരു ഭരണി തൈലത്തിൽ വീണാൽ മുഴുവൻ തൈലവും ഉപയോഗ ശൂന്യമാകും. ഒരു പാറ്റ വീണാൽ ഒരു കലം കഞ്ഞി കൊള്ളാത്തതാകും. ഇടർച്ചക്കാരൻ, കാഴ്ചപ്പാടില്ലാത്തവൻ, ദുരുപദേശക്കാരൻ ഒരു സഭയെ നശിപ്പിച്ചെന്നു വരാം. അതിനാൽ അവരെ അകറ്റി നിർത്തി വേർപാടാചരിപ്പാൻ തിരുവചനം നമ്മെ പഠിപ്പിക്കുന്നു. അങ്ങനെ വന്നു പോയവരോടു നമുക്കു വിരോധമില്ല, വൈരാഗ്യമില്ല, കൈപ്പില്ല, പകയില്ല പക്ഷെ, യാതൊരു സഹകരണവും തിരുവചനം അനുവദിക്കുന്നില്ല. ശത്രുവായി കാണരുത്; പക്ഷെ യാതൊരു സഹകരണവും പാടില്ല.

അല്പമായ ബന്ധം നല്ലതല്ലേ എന്നു ചോദിച്ചേക്കാം. ഇല്ല അസാരം പുളിമാവ് പിണ്ഡത്തെ മുഴുവൻ പുളിപ്പിക്കും. ആകയാൽ സകല പുളിപ്പും അകറ്റേണം. ഇപ്രകാരം ക്രിസ്തുവിന്റെ മണവാട്ടിയായി നീതീകരിച്ച് ആത്മാവിന്റെ ആച്ചാരവും നല്കപ്പെട്ട നാമേവരും ക്രിസ്തു എന്ന തലയോളം വളരുവാൻ ദൈവം അനുദിനം സഹായിക്കട്ടെ. ത്രിയേക ദൈവത്തിന്റെ അളവറ്റകൃപ നമ്മോടുകൂടെ ഇരിക്കട്ടെ.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖





## Bethel AG Bangalore
## സഭയിലേയ്ക്ക് സ്വാഗതം

**സത്യത്തിലും ആത്മാവിലും ഉള്ള ഒരു ആത്മീയ ആരാധന നിങ്ങൾ ആഗ്രഹിക്കുന്നുവോ??**

നിങ്ങൾ ആഗ്രഹിക്കുന്ന രീതിയിലുള്ള ആഴമേറിയ വചനശുശ്രൂഷയും ആരാധനയും ഉള്ള ബെഥേൽ എ ജി സഭയുടെ മലയാളം ആരാധനയിലേയ്ക്ക് നിങ്ങളെ ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.

**ഒരു മാതൃകാ സഭയുടെ ലക്ഷണങ്ങൾ എന്തെല്ലാമാണ്?**

**അവിടെ നിന്നും ഒരു സഭാംഗത്തിനെന്തെല്ലാം പ്രതീക്ഷിക്കാം?**

സഭ ഒരു വലിയ കുടുംബമാണ്. പരസ്പരം സേവിക്കുകയും, ദൈവ കൃപയിൽ ശുശ്രൂഷിക്കുകയും, ശുശ്രൂഷിക്കപ്പെടുകയും ചെയ്യുന്നത് അതിന്റെ ഭാഗമാണ്. ജനനവും വളർച്ചയും സഭയാം കുടുംബത്തിൽ നടക്കണം ഇതിന് പല ഘടകങ്ങൾ ആവശ്യമാണ്.

1. ശക്തമായ ആരാധന. വിടുതലുകളും, വീര്യ പ്രവർത്തികളും, നടക്കുന്ന ശക്തമായ ആത്മീയ അന്തരീക്ഷവും, ആരാധനയും, ബെഥേലിൽ നിലനിർത്തുവാൻ ദൈവത്തിനു തിരുഹിതമായി.

2. ഒരു വ്യക്തിയെ ക്രിസ്തുവിൽ ഉറപ്പിക്കുന്നതിനും പത്ഥ്യോപദേശത്തിൽ വളർത്തുന്നതിനും അനുഭവ സമ്പത്തിനും ആത്മീയ ഉത്തേജനത്തിനും അത്യാവശ്യമാണു വചനപഠനം. ഈ സഭയിലെ (ബെഥേലിലെ) വചനപഠനം ഉന്നത നിലവാരം പുലർത്തുന്നതാണ്.

3. വചനശുശ്രൂഷ– പ്രസംഗത്തെക്കാൾ വചനശുശ്രൂഷ വലുതാണ്. പഠിച്ചത്– കർണ്ണരസമാകുമാറ് പറഞ്ഞുകൊടുക്കുക എന്നതാണ് പ്രസംഗം. വചനശുശ്രൂഷ എന്നതു അന്നന്നു വരുന്നവരുടെ ആവശ്യമറിഞ്ഞ് ഹൃദയങ്ങളെ വിവേചിക്കുന്ന– ദൈവം മനുഷ്യനോടു സംസാരിച്ച് തന്റെ അകത്തെ മനുഷ്യനെ ബലപ്പെടുത്തുന്നതാണ്. ബെഥേലിലെ വചനശുശ്രൂഷ ഉന്നത നിലവാരം പുലർത്തുന്നതാണ്.

4. അതത് തലമുറകളിൽ പ്രയോജനപ്പെടുന്ന ഉന്നത അഭിഷേകം വഹിക്കുന്ന അപ്പോസ്തൊലന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇടയന്മാർ, ഉപദേഷ്ടാക്കന്മാർ ഇവരെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി കൊണ്ടു വന്ന് ഒരുമിച്ച് നിർത്തി–അവരിൽ നിന്നും പ്രാപിക്കുവാൻ എല്ലാവർക്കും കഴിയണമെന്നില്ല. പക്ഷെ ബെഥേലിനെ ദൈവം അതിന് ശക്തികരീച്ചു.

5. ഒരു ചുരുങ്ങിയ കാലം കൊണ്ട് പ്രകാശിച്ചണയുന്ന വിളക്കല്ല ഒരു നല്ല സഭ. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളിലായി, പതറാതെ ഉന്നതമായ ദൗത്യം തുടരുവാൻ ബെഥേൽ നേതൃത്വത്തെ ദൈവം സഹായിച്ചു. മൂന്ന് ദശകങ്ങളിലെ അതിശക്തമായ വളർച്ചയിൽ– അതിനനുപാതികമായ ശോധനകളും, കൊടുങ്കാറ്റുകളും വന്ന് അലച്ചു എങ്കിലും ദൈവം സഭയെ ശുദ്ധീകരിച്ച് ഉറപ്പിച്ച് ഫലവത്താക്കി. മുപ്പതോളം വർഷങ്ങളുടെ വിപുലമായ ഒരു അനുഭവ സമ്പത്തിന്റെ പ്രൗഢമായ പ്രസരിപ്പ് സഭയുടെ മുഖത്ത് കാണാം.

6. പുതിയ ശുശ്രൂഷകന്മാരെ– ആത്മീയ കാഴ്ചപ്പാടുള്ള ഒരു നേതൃത്വത്തെ വാർത്തെടുക്കാൻ– അവരെ ലോകത്തിലെ എല്ലാ വൻകരകളിലും അയയ്ക്കുവാൻ ദൈവം ബെഥേലിനെ ശക്തീകരിച്ചു.

7. സാമ്പത്തീകവും ഭരണപരവുമായ കാര്യങ്ങളിൽ ഉന്നത നിലവാരം പുലർത്തുന്നവരും വിദ്യാസമ്പന്നരും മികവുറ്റതുമായ ഒരു സംഘം– പ്രവർത്തകർ നിയമിക്കപ്പെട്ട സഭാ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അനുസരിച്ചു പ്രവർത്തിക്കുവാനും സഭയുടെ മാന്യത നിലനിർത്തുവാനും ദൈവം കൃപ ചെയ്തു.

8. കുട്ടികളുടെ Sunday School, യുവാക്കളുടെയും, സഹോദരിമാരുടെയും പ്രവർത്തനങ്ങൾ മുതൽ പ്രായമായവർ (Senior citizens) വരെയുള്ള പ്രത്യേക വിഭാഗക്കാർക്ക് പ്രത്യേകം പ്രത്യേകമായി ചേർന്ന് അവരവരുടെ കാര്യം ചെയ്യുവാൻ ബെഥേലിൽ അവസരം ഉണ്ട്.

9. അടിയന്തിരഘട്ടങ്ങളിൽ നമ്മുടെ സ്വന്ത കുടുംബമായ സഭയിൽ നിന്നും ലഭിക്കേണ്ട സഹകരണങ്ങൾക്ക് ആവശ്യമായ ഒരു സമൂഹം ബെഥേലിൽ ഉണ്ട്. ഏഴ് ഭാഷകളിലായി 15,000 ത്തിനടുത്ത ഒരു വലിയ കുടുംബമാണിന്നു നാം.

10. വിവാഹം, ശവസംസ്ക്കാരം മുതലായ പ്രത്യേക സാഹചര്യങ്ങളിൽ ഉപയോഗിക്കുവാനാവശ്യമായ വാഹനങ്ങൾ, ഒരുമിച്ചുപയോഗിക്കേണ്ടതിനാവശ്യമായ സ്ഥലം (Auditorium, Parking, Serving space) അതിലേയ്ക്കാവശ്യമായ ഇരിപ്പിടങ്ങൾ sound system, power system, standby power, water supply മുതലായവ ദൈവം നമുക്ക് തന്നത് നമുക്ക് വേണ്ടിയുള്ള ദൈവീക കരുതലാണ്.

ഇങ്ങനെ ആത്മീയ താല്പര്യത്തോടെ വരുന്ന മലയാളികളെ, ഈ പട്ടണത്തിൽ മലയാളത്തിലുള്ള– ശ്രേഷ്ഠമായ ഒരു ആത്മീയ ആരാധനയിലേയ്ക്കും സഭയിലേയ്ക്കും പ്രൗഢമായി ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

Gen 28:17

This is truly the Gate of Heaven **Bethel!**








